# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നഗരസഭകളുടെ മാസ്റ്റർപ്ലാൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3314** 16.12.15- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളുടെ മാസ്റ്റർപ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകളുടെ പുതുക്കലിനും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ ആവശ്യമെങ്കിൽ പുതുക്കി തയ്യാറാക്കുന്നതിനും സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻസ് ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾ പ്പെടുത്തി നടപടി കൈക്കൊള്ളുന്നു. സംസ്ഥാനത്ത് നിലവിൽ 18 നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകൃത മാസ്റ്റർ പ്ലാനുകൾ പുതുക്കിയവ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം<br>2. നെയ്യാറ്റിൻകര<br>3. കൊല്ലം<br>4. കോട്ടയം<br>5. ചങ്ങനാശ്ശേരി<br>6. വൈക്കം<br>7. കൊച്ചി<br>8. തൃശ്ശൂർ<br>9. ഗുരുവായൂർ<br>10. പാലക്കാട്<br>11. മലപ്പുറം<br>12. കോഴിക്കോട്<br>13. വടകര<br>14. തലശ്ശേരി<br>പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ പുതുക്കി തയ്യാറാക്കിയവ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. പത്തനംതിട്ട<br>2. ആലപ്പുഴ<br>3. പാല<br>4. പെരുമ്പാവൂർ |
| (ബി) | ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും, വിശദാംശവും വെളിപ്പെടുത്തുമോ? | (ബി) | ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനിംഗിൽ നിന്നും ലഭിച്ചിട്ടുള്ള കരട് മാസ്റ്റർ പ്ലാൻ കൗൺസിൽ ചർച്ച ചെയ്യുകയും ആയത് അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ